# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1041 — 06.06.2018 ലെ മറുപടി

### വള്ളിക്കുന്ന് മണ്ഡലത്തിലെ റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ്. പി : | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽപ്പെട്ട റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് മണ്ഡലത്തിലെ വള്ളിക്കുന്ന് തേഞ്ഞിപ്പലം പഞ്ചായത്തുകളിലെ ഇരുമ്പോത്തിങ്ങൽ റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം എന്ന പ്രവൃത്തി കിഫ്ബിയുടെ പരിഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് ഐ.ഡി. ആർ.ബി.യിൽ നിലവിലുള്ള ഡിസൈനിങ്ങ് സംബന്ധിച്ച ഫയലിൽ തീർപ്പ് കല്പിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ;<br><br>(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധിക്കുമോ;<br><br>(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ? | (ബി) , (സി) & (ഡി)<br><br>വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ ഇരുമ്പോത്തിങ്കൽ എന്ന സ്ഥലത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജ് ദേശീയ ജലപാത-3 ലാണ് സ്ഥിതി ചെയ്യുന്നത്. ഈ സൈറ്റിന്റെ ഇരുകരകളും വളരെ താഴ്ന്നാണ് കിടക്കുന്നത് . ദേശീയ ജലപാതയിൽ വരുന്നതിനാൽ ലോക്ക് ഷട്ടർ വരുന്ന ഭാഗത്ത് ഉയർന്ന ജലനിരപ്പിൽ നിന്നും 6 മീറ്റർ ക്ലീയറൻസ് ആവശ്യമുണ്ട്. |

ഇരുകരകളും താഴ്ന്നുകിടക്കുന്നതിനാൽ ഇത്രയും ഉയരത്തിൽ റെഗുലേറ്റർ കം-ബ്രിഡ്ജിന്റെ നിർമ്മാണ സാധ്യതയില്ലാതാകുന്നു. കൂടാതെ അപ്രോച്ച് റോഡിനായി സ്ഥലം ഏറ്റെടുക്കേണ്ടതായും കാണുന്നു.

ഐ. ഡി. ആർ. ബിയിൽ നിന്ന് ടി സ്ഥലം സന്ദർശിച്ചിരുന്നു. റെഗുലേറ്റർ കം-ബ്രിഡ്ജ് നിർമ്മാണത്തിന് ടി സ്ഥലം അനുയോജ്യമല്ലാത്തതിനാൽ 5 കി. മി. മുകളിലായി നിലവിൽ സ്ഥിതി ചെയ്യുന്ന മണ്ണുട്ടാംപാറ വിയർ കം ലോക്ക് നവീകരിച്ച് ഉപയോഗപ്രദമാക്കുന്നതായിരിക്കും ഉചിതമെന്ന അഭിപ്രായം ഉയർന്ന് വന്നിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**